# അസന്തുലിതമായ വികസനം

**ആണ്ടുതോറും** ആഗോളസ്ഥിതിഗതികൾ വ്യത്യസ്ത ദിശകളിലൂടെ വിലയിരുത്തുക ഐക്യരാഷ്ട്രസഭയുടെ വാർഷിക പരിപാടികളിലൊന്നാണ്. യു.എൻ.ഒയുടെ അനുബന്ധ സ്ഥാപനങ്ങൾ അവരവർ കൈകാര്യംചെയ്യുന്ന വിഷയങ്ങളിൽ ഓരോ അംഗരാജ്യത്തിന്റെയും അവസ്ഥ പഠിച്ച് റിപ്പോർട്ട് തയാറാക്കി പ്രസിദ്ധീകരിക്കുന്നു. ഈ റിപ്പോർട്ടിനെ മുൻ വർഷത്തെ റിപ്പോർട്ടുമായി താരതമ്യം ചെയ്ത് ഓരോ രാജ്യത്തിന്റെയും ഗതി മുന്നോട്ടോ പിന്നോട്ടോ എന്നു പരിശോധിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ലോകരാജ്യങ്ങളുടെ സ്ഥാനക്രമം അടയാളപ്പെടുത്തുകയും ചെയ്യും. പൊതുക്ഷേമം, ഭക്ഷ്യലഭ്യത, ദാരിദ്ര്യം, തൊഴിൽ സാധ്യത, വിദ്യാഭ്യാസം, സമാധാനം, നിരായുധീകരണം, മനുഷ്യാവകാശങ്ങൾ തുടങ്ങി ആധുനിക ജീവിതത്തിന്റെ മുഖ്യപ്രശ്നങ്ങളിലെല്ലാം ഓരോ രാജ്യവും ഇന്നലെ എവിടെയായിരുന്നുവെന്നും ഇന്ന് എവിടെ എത്തിയിരിക്കുന്നുവെന്നും ഈ റിപ്പോർട്ടുകൾ തുറന്നുകാണിക്കുന്നു.

ഇക്കൂട്ടത്തിൽ രണ്ടു സുപ്രധാന റിപ്പോർട്ടുകൾ ഈയിടെ പുറത്തുവരികയുണ്ടായി. ഒക്ടോബർ 16-ന് കൊണ്ടാടപ്പെട്ട ലോക ഭക്ഷ്യദിനത്തിനു മുമ്പായി ലോക ഭക്ഷ്യ കാർഷിക സംഘടന (എഫ്.എ.ഒ)പുറത്തിറക്കിയതാണ് ഒന്ന്. 1995നു ശേഷം ലോകത്ത് ഭക്ഷ്യ ദൗർലഭ്യവും പട്ടിണിയും നാൾക്കുനാൾ വർധിച്ചുക്കൊണ്ടിരിക്കുന്നുവെന്നാണ് ഈ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്. ലോകത്ത് പട്ടിണികിടക്കുന്നവരുടെ എണ്ണം നൂറുകോടി കവിഞ്ഞിരിക്കുന്നു. മൊത്തം ലോകജന സംഖ്യയുടെ ആറിലൊന്ന് വരുമിത്. 2016 ആകുമ്പോഴേക്കും ലോകത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുള്ള തീവ്രയത്ന പരിപാടി നേരിടുന്ന വൻ തിരിച്ചടിയാണീ പട്ടിണിപ്പെരുക്കം. പട്ടിണിക്കാരിൽ 90 കോടിയും ഏഷ്യൻ -ആഫ്രിക്കൻ രാജ്യങ്ങളിലാണുള്ളത്.

യു.എൻ.ഒ പുറത്തിറക്കിയ ഹ്യൂമൻ ഡവലപ്മെന്റ് റിപ്പോർട്ടാണ് മറ്റൊന്ന്. മാനുഷിക വികസനത്തിൽ ഓരോ രാജ്യവും എവിടെ നിൽക്കുന്നുവെന്നും ആരൊക്കെ സ്ഥിതി മെച്ചപ്പെടുത്തിയിട്ടുണ്ടെന്നും ആരൊക്കെ പിറകോട്ടടിച്ചുവെന്നും വസ്തുതകളെ ആധാരമാക്കി നിരീക്ഷിക്കുന്നതാണീ റിപ്പോർട്ട്. മാനുഷിക വികസനത്തിൽ ഇന്ത്യ നിലകൊള്ളുന്നത് മുൻ വർഷത്തെ അതേ സ്ഥാനത്ത് (134-ാം സ്ഥാനം) തന്നെയാണ്. കഴിഞ്ഞ കൊല്ലത്തെ അപേക്ഷിച്ച് അൽപം മെച്ചമുണ്ടായിട്ടുണ്ടെങ്കിലും അത് ഇന്ത്യയുടെ സ്ഥാനക്രമത്തിൽ മാറ്റം വരുത്താൻ പര്യാപ്തമായില്ല. ആളോഹരി വരുമാനം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം എന്നീ മൂന്ന് അടിസ്ഥാന വിഷയങ്ങളെ ആധാരമാക്കിയാണ് റിപ്പോർട്ട് ലോകരാജ്യങ്ങളുടെ സ്ഥാനക്രമം നിശ്ചയിക്കുന്നത്. സ്വാതന്ത്ര്യം കിട്ടി 62 വർഷം പിന്നിട്ടിട്ടും പ്രതിശീർഷ വരുമാനം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം എന്നീ കാര്യങ്ങളിൽ ലോകത്തെ 133 രാജ്യങ്ങൾ ഇന്ത്യയെ പിന്തള്ളിയിരിക്കുന്നുവെന്നാണതിനർഥം. ഐക്യരാഷ്ട്രസഭയിലെ മൊത്തം അംഗരാജ്യങ്ങളുടെ സംഖ്യ 192 ആണെന്ന വസ്തുത നമ്മുടെ ദാരിദ്ര്യത്തിന്റെയും നിരക്ഷരതയുടെയും ശോച്യാവസ്ഥ കൂടുതൽ വ്യക്തമാക്കുന്നു. 30 കോടി ദരിദ്രരാണീ രാജ്യത്തുള്ളത്. ജനസംഖ്യയിൽ 70 ശതമാനത്തിന്റെ ശരാശരി നിത്യവരുമാനം 20 രൂപയാണ്.

കാർഷികരംഗത്തെ തകർച്ചയാണ് പട്ടിണിയുടെ പ്രധാന കാരണം. ഭക്ഷണം ഉൽപാദിപ്പിക്കുന്നത് കർഷകരാണ്. വികസനമെന്നാൽ വ്യവസായത്തിന്റെയും വ്യാപാരത്തിന്റെയും വികസനമാണെന്ന് ഭ്രമിക്കുമ്പോൾ കൃഷിയും കർഷകനും അവഗണിക്കപ്പെടുന്നു. കാർഷിക മേഖലയെ തകർക്കുന്ന വ്യവസായ-വ്യാപാര നിയമങ്ങളും കരാറുകളും ആവിഷ്കരിക്കപ്പെടുന്നു. ഇന്ത്യ ഗാട്ട്കരാറിൽ ഒപ്പിട്ടതോടെ നമ്മുടെ കാർഷിക മേഖല പ്രതിസന്ധിയിലായി. കർഷക ആത്മഹത്യകൾ പെരുകി. ഈ പ്രതിസന്ധിയെ കൂടുതൽ മൂർഛിപ്പിക്കുന്നതാണ് ഇപ്പോൾ ഒപ്പുവെച്ച ആസിയാൻ കരാർ. ഗാട്ട്കരാർ ഒപ്പിടുന്നതിനു മുമ്പ് ഇന്ത്യയുടെ വ്യാപാര കമ്മി 6 ബില്യൻ ഡോളറായിരുന്നു. '91 മുതൽ അത് അനുക്രമം വളർന്ന് ഇപ്പോൾ 119 ബില്യൺ ഡോളറിലെത്തിയിരിക്കുന്നുവെന്ന് റിസർവ് ബാങ്കിന്റെ കണക്കുകൾ പറയുന്നു. കയറ്റുമതി വർധിക്കാത്തതുകൊണ്ട് മാത്രമല്ല ഈ കമ്മിയുണ്ടാകുന്നത്. കയറ്റുമതിയേക്കാൾ അനേകമിരട്ടി ഇറക്കുമതി വർധിക്കുന്നതുകൊണ്ടാണ്. രാജ്യത്തുവന്ന് കുമിഞ്ഞുകൂടുന്ന വിദേശ ഉൽപന്നങ്ങൾ നമ്മുടെ കാർഷികമേഖലയെ തകർക്കുകയും കർഷകരെ ദുരിതക്കയത്തിലേക്ക് തള്ളിവിടുകയുമാണ്.

കൃഷി വികസിപ്പിക്കാനും കർഷകരെ പരിരക്ഷിക്കാനും സർക്കാർ കാര്യമായി ഒരു നീക്കവും നടത്തുന്നില്ല. ആഗോളീകരണ ഉദാരീകരണ സാമ്പത്തിക നയങ്ങൾ സർക്കാറിനെ അതിന് അനുവദിക്കുന്നില്ല എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. സൈന്യത്തെ അത്യാധുനിക ആയുധങ്ങൾകൊണ്ട് നവീകരിക്കുന്നതും ബഹിരാകാശ പേടകങ്ങൾ തുരുതുരാ വിക്ഷേപിക്കുന്നതും ചന്ദ്രനിൽ വെള്ളം നോക്കുന്നതും ഭാരത പുത്രന്മാരെ അങ്ങോട്ടു പറഞ്ഞയക്കുന്നതുമൊക്കെ നമ്മുടെ വൻ നേട്ടങ്ങൾ തന്നെയാണ്. പക്ഷേ, അതിനിടയിൽ ഈ മണ്ണിൽ അന്നവും വെള്ളവും കിട്ടാതെ, ആരാലും ശ്രദ്ധിക്കപ്പെടാതെ അനേകായിരങ്ങൾ മരിച്ചുവീഴുന്നുവെങ്കിൽ ഈ മഹാനേട്ടങ്ങൾക്ക് കാര്യമായ കോട്ടമുണ്ടെന്ന് സമ്മതിക്കാതെ വയ്യ. വികസനത്തിന്റെ ഭീമമായ അസന്തുലിതത്വമാണാ കോട്ടം. നാം പിന്തുടരുന്ന പുതിയ സാമ്പത്തിക നയങ്ങൾ ഉള്ളവനെ കൂടുതൽ ഉള്ളവനാക്കുകയും ഇല്ലാത്തവനെ കൂടുതൽ ഇല്ലാത്തവനാക്കുകയുമാണ് ചെയ്യുന്നത്. ഏതാനും പൗരന്മാർ ലോക മുതലാളിമാരുടെ മുൻനിരയിലേക്ക് ഉയരുമ്പോൾ അനേക ലക്ഷങ്ങൾ പട്ടിണിയുടെ പാതാളത്തിലേക്കാണ്ടു പോകുന്നു.

ഹ്യൂമൻ ഡവലപ്മെന്റ് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്ന മറ്റൊരു സങ്കീർണ പ്രശ്നം, ഗ്രാമങ്ങളിൽനിന്ന് വൻതോതിൽ നഗരങ്ങളിലേക്കുള്ള കുടിയേറ്റമാണ്. ഇക്കാര്യത്തിലും ഇന്ത്യ ആരുടെയും പിന്നിലല്ല. നമ്മുടെ നഗരങ്ങളിൽ ചേരികൾ പെരുകി വരികയാണ്. നഗരങ്ങളുടെ പകിട്ടിൽ ആകൃഷ്ടരായിട്ടല്ല ഗ്രാമീണർ നഗരങ്ങളിലേക്ക് ഒഴുകുന്നത്; ഗ്രാമങ്ങളിൽ കൃഷി നശിക്കുകയും തൊഴിൽ ഇല്ലാതാവുകയും ചെയ്യുമ്പോഴാണ്. ജന്മസ്ഥലത്തോ സമീപ പ്രദേശങ്ങളിലോ തൊഴിൽ ലഭ്യമാണെങ്കിൽ സാധാരണഗതിയിൽ ആരും തൊഴിൽ തേടി നഗരങ്ങളിൽ ചേക്കേറുകയില്ല. ഇന്ത്യ ഒരു കാർഷിക രാജ്യമാണ്, ഗ്രാമങ്ങളിലാണീ രാജ്യം ജീവിക്കുന്നത്. ഇതൊരു പാഴ്ചൊല്ലല്ല; പതിരില്ലാത്ത സത്യമാണ്. വൻ നഗരങ്ങളിലെ ശീതീകരിച്ച സൗധങ്ങളിലിരുന്ന് സാമ്പത്തിക കാര്യങ്ങൾ ആസൂത്രണം ചെയ്യുന്ന വിദഗ്ധരും നയരൂപകകർത്താക്കളും ഈ സത്യം ഇനിയും തിരിച്ചറിയുന്നില്ലെങ്കിൽ ലോകരാജ്യങ്ങളിൽ നാം ഒന്നാം സ്ഥാനം നേടുന്നത് ദാരിദ്ര്യത്തിലും പട്ടിണിയിലുമായിരിക്കും. ■